LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ലേബർ ബ്യൂറോ മാസംതോറും പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില റിപ്പോർട്ടിൽ സംസ്ഥാനത്തിന്റേയോ മറ്റ് സംസ്ഥാനങ്ങളുടേയോ വിലക്കയറ്റത്തെ സംബന്ധിച്ച സ്ഥാനം ലഭ്യമല്ല. ഏറ്റവും പുതുതായി ലഭിച്ച വില സൂചികയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു..*

സപ്ലൈകോയുടെ യൂണിറ്റുകൾ

219 (1253) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ എത്ര യൂണിറ്റുകൾ/സ്ഥാപനങ്ങൾ, പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോയുടെ എത്ര യൂണിറ്റുകൾ തുടങ്ങി ; അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോവഴി ജനങ്ങൾക്ക് അവശ്യസാധനങ്ങൾ എത്ര ശതമാനം വില കുറച്ചാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സപ്ലൈകോയുടെ വികസനത്തിനായി 2011 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ ബജറ്റിൽ പ്രത്യേകമായി തുക നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര വീതമെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത കാലഘട്ടത്തിൽ ഈ സ്ഥാപനം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കുമോ ;

(എഫ്) ലാഭത്തിലാണെങ്കിൽ പ്രസ്തുത കാലഘട്ടത്തിലെ ലാഭം എത്രയെന്നും നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്രയെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ താഴെ കൊടുത്തിരിക്കുന്ന 13 ഇനം അവശ്യസാധനങ്ങൾ വിതരണം ചെയ്യുവരുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

ക്രമ നമ്പർ	ഇനം	നിലവിലെ സബ്സിഡി വില(രൂപ കി.ഗ്രാമിന്)	പൊതുവിപണി വില(as per economics and statisctics Dept .of 22-5-2015 per k.g)	സപ്ലൈകോ വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം	വ്യത്യാസം ശതമാനത്തിൽ
1	ചെറുപയർ	74	111.29	37.29	33.51
2	ഉഴുന്ന് (ബോൾ)	66	116.57	50.57	43.38
3	വൻകടല	43	66.46	23.46	35.30
4	വൻപയർ	45	61.57	16.57	26.91
5	തുവര പരിപ്പ്	65	108.29	43.29	39.98
6	മുളക്	75	114.00	39.00	34.21
7	മല്ലി	100	125.07	25.07	20.04
8	പഞ്ചസാര	25	28.50	3.50	12.28
9	പച്ചരി	23	28.60	5.60	19.58
10	മട്ട അരി	25	33.00	8.00	24.24
11	ജയ അരി	25	33.13	8.13	24.54
12	കുറുവ അരി	25	32.33	7.33	22.67
13	വെളിച്ചെണ്ണ	130	169.64	39.64	23.37

(ഡി) സപ്ലൈകോയുടെ വികസനത്തിനായി 2011-15 കാലയളവിൽ പ്രത്യേകം തുക നീക്കിവെച്ചിട്ടില്ല. എന്നാൽ MIO യ്ക്കായി 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)

ക്രമനമ്പർ	വർഷം	നഷ്ടം (കോടിയിൽ)
1	2011-12	39.22
2	2012-13	80.90
3	2013-14	ആഡിറ്റ് പൂർത്തിയായിട്ടില്ല.
4	2014-15	ആഡിറ്റ് പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം

220 (1254) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം കുറ്റമറ്റതാക്കാൻ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും കടത്തിക്കൊണ്ടു പോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത സിസ്റ്റത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) പൊതുവിതരണത്തിനുള്ള ഭക്ഷ്യസാധനങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പുവരുത്തുക എന്നതാണ് ജി.പി.എസ്. സംവിധാനം വഴി ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ സംവിധാനം പ്രാവർത്തികമാക്കിയിട്ടില്ല. റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. പദ്ധതിപ്രകാരം വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടക്കുകയാണ്. Door delivery നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച് പൈലറ്റ് പദ്ധതി നടന്നുവരുന്നു.